**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2994** **14-02-2024 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിൽ കാട്ടുപന്നികൾ മൂലമുള്ള കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ എത്ര ഹെക്ടർ വനപ്രദേശമുള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **വർക്കല മണ്ഡലത്തിൽ ഇലന്ത്രക്കോട് – 171 ഹെക്ടർ വനപ്രദേശം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത വനമേഖലയിൽ നിന്നുമുള്ള കാട്ടുപന്നികൾ പരിസര പ്രദേശങ്ങളിലെ കൃഷി നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br><br>**കാട്ടുപന്നികൾ പരിസര പ്രദേശങ്ങളിലെ കൃഷി നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി ലഭിക്കുന്ന നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ കാട്ടുപന്നികളുടെ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ** പരിശോധിച്ചുവരുന്നു.<br><br>ജനവാസമേഖലകളിലിറങ്ങി **മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ്‌ലൈഫ് വാർഡന്/ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) 239/2022/വനം തീയതി 31.05.2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2023 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ച് കൊണ്ട് സ.ഉ.(കൈ) 11/2023/വനം തീയതി 27.05.2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ 30.05.2023-ലെ KFDHQ/3331/2021-Chief Wildlife Warden/WL11 നമ്പർ ഉത്തരവ്** |

| | | | |
|---|---|---|---|
| | | | **പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ